<u>15 -ാം കേരള നിയമസഭ</u>

<u>9 -ാം സമ്മേളനം</u>

**<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 137</u>** **<u>12-09-2023 - ൽ മറുപടിയ്ക്ക്</u>**

**<u>സർക്കാർ കോളേജുകളിലെ പ്രിൻസിപ്പൽ നിയമനം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. ടി. വി. ഇബ്രാഹിം | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ കോളേജുകളിലെ പ്രിൻസിപ്പൽ നിയമനത്തിനായി വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി അംഗീകരിച്ച ലിസ്റ്റിൽ നിന്നും നിയമനം നൽകാൻ ഉത്തരവ് നൽകിയിരുന്നോയെന്ന് വ്യക്തമാക്കാമോ; | (എ) | വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി സമർപ്പിച്ച ലിസ്റ്റിൽ ഉൾപ്പെട്ട 43 പേരിൽ വിരമിച്ച 5 പേരേയും, താത്കാലികമായി പ്രിൻസിപ്പൽ പ്രൊമോഷനിൽ നിന്നും ഒഴിവാക്കണമെന്ന് അപേക്ഷിച്ച 2 പേരേയും ഒഴിവാക്കി സ.ഉ.(സാധാ) നം.1320/2023/ഉ.വി.വ തീയതി 23.08.2023 ഉത്തരവ് പ്രകാരം 36 അദ്ധ്യാപകർക്ക് താത്കാലിക പ്രൊമോഷൻ നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പട്ടികയിൽ ഉൾപ്പെടാത്തവരുടെ പരാതി കേൾക്കുന്നതിന് അപ്പീൽ കമ്മിറ്റി രൂപീകരിക്കാൻ നിർദേശിച്ചത് യു.ജി.സി. വ്യവസ്ഥകൾക്ക് അനുസൃതമായിട്ട് ആയിരുന്നോയെന്ന് അറിയിക്കാമോ; | (ബി) | സർക്കാർ കോളേജുകളിലെ പ്രിൻസിപ്പൽ നിയമനത്തിനായി വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി സമർപ്പിച്ച ലിസ്റ്റിൽ ഉൾപ്പെടാത്തതിനെക്കുറിച്ച് പരാതികൾ സമർപ്പിക്കപ്പെട്ടിരുന്നില്ല. വകുപ്പ് തല പ്രൊമോഷൻ കമ്മിറ്റിയ്ക്ക് മുന്നോടിയായി ചേർന്ന സെലക്ഷൻ കമ്മിറ്റി യോഗ്യരെന്ന് കണ്ടെത്തിയ തങ്ങളെ ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ച് അന്യായമായി ഒഴിവാക്കി എന്ന വിധത്തിൽ നിരവധി അദ്ധ്യാപകരിൽ നിന്നും പരാതികൾ ലഭ്യമാവുകയുണ്ടായി. പ്രസ്തുത പരാതികളിൽ കഴമ്പുണ്ടെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടതിനെ ത്തുടർന്ന് പരാതികൾ പരിശോധിക്കുന്നതിന് സ.ഉ.(സാധാ)നം.743/2023/ഉ.വി.വ തീയതി 27.05.2023 പ്രകാരം ഒരു സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. യു.ജി.സി റഗുലേഷൻസിന് അനുസൃതമായ ഘടനയിൽ തന്നെയാണ് പ്രസ്തുത കമ്മിറ്റി രൂപീകരിച്ചത്. |
| (സി) | 2018 മുതൽ മുടങ്ങിക്കിടക്കുന്ന കോളേജ് പ്രിൻസിപ്പൽ നിയമനം പുനരാരംഭിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | സ.ഉ.(സാധാ)നം.1320/2023/ഉ.വി.വ തീയതി 23.08.2023 ഉത്തരവ് പ്രകാരം 36 അദ്ധ്യാപകർക്ക് സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ പ്രിൻസിപ്പാൾ തസ്തികയിലേയ്ക്ക് താത്കാലിക പ്രൊമോഷൻ നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുതിയ സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് യു.ജി.സി ചട്ടങ്ങളുടെ അടിസ്ഥാനത്തിലുള്ള പ്രിൻസിപ്പൽ നിയമനത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ